KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ
പ്രത്യേക പതിപ്പ്

Monthly Newsletter of Kerala State Co-operative Bank

Vol.2 | Issue.11 | November 2022

# 4-ാം വർഷത്തിലേക്ക് കേരള ബാങ്ക്






2019 നവംബറിൽ രൂപീകൃതമായ കേരള ബാങ്ക് 3 വർഷത്തെ പ്രവർത്തനം വിജയകരമായി പൂർത്തിയാക്കി 4-ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. 110857.15 കോടിയുടെ ബിസിനസാണ് 2021-22 സാമ്പത്തിക വർഷം ഭരണസമിതിയുടെയും 5000 ത്തിലധികം ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ ബാങ്കിന് നടത്താനായത്.

കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച Be The Number One ക്യാമ്പയിനും 100 ദിവസം കൊണ്ട് 252.67 കോടി സമാഹരിച്ച മിഷൻ 100 ഡെയ്സ് പദ്ധതിയും ബാങ്കിന്റെ വളർച്ചയിൽ ശക്തമായ അടിത്തറ ഉറപ്പിച്ചു.

പുതുതലമുറ ഇടപാടുകാർ കടന്നു വരേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് സംസ്ഥാന സഹകരണ ബാങ്കിന്റെയും 13 ജില്ലാ സഹകരണ ബാങ്കുകളുടെയും കോർ ബാങ്കിംഗ് നടപടികൾ ഏകീകരിച്ച് എല്ലാ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും ലഭ്യമാക്കുന്നതിന് പ്രമുഖ സിസ്റ്റം ഇന്റഗ്രേറ്റഡ് സേവനദാതാക്കളായ വിപ്രോയുമായി സഹകരിച്ച് പ്രവർത്തിച്ചുവരുകയാണ്. ഇൻഫോസിസിന്റെ ബാങ്കിംഗ് സോഫ്റ്റ് വെയറായ ഫിനക്കിളിന്റെ ഏറ്റവും ആധുനിക വേർഷൻ ഉപയോഗിക്കുന്ന സഹകരണ മേഖലയിലെ ആദ്യ ബാങ്കാണ് കേരള ബാങ്ക്.

കേരള ബാങ്കിന്റെ എല്ലാ ശാഖകൾക്കും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലൈസൻസും പുതിയ ഏകീകൃത IFSC കോഡും ലഭിച്ചു കഴിഞ്ഞു. സമ്പൂർണ്ണ മൈഗ്രേഷൻ നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു.

ചെറുകിട സംരംഭകർക്കും വനിതകൾക്കും സംഘങ്ങൾ വഴിയും കേരള ബാങ്ക് ശാഖകൾ വഴിയും സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനുമായി വിവിധ തരം വായ്പകളാണ് നൽകി വരുന്നത്.

സഹകരണ മേഖലയുടെ അപെക്സ് ഫെഡറേഷനായ നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NAFSCOB) ഏർപ്പെടുത്തിയ ദേശീയ അവാർഡ് കേരള ബാങ്കിന്റെ പ്രവർത്തന മികവിനുള്ള അംഗീകാരമാണ്. കോവിഡ് പ്രതിസന്ധിക്കിടയിലും സമൂഹത്തിൽ പണലഭ്യത ഉറപ്പാക്കുന്നതിലും, സംഘങ്ങൾ വഴി ഗ്രാമീണ സാമ്പത്തിക മേഖലയുടെ പുരോഗതിയിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും കേരള ബാങ്കിന്റെ ശക്തമായ ഇടപെടൽ വഴി വലിയ നേട്ടം ഉണ്ടാക്കാനായി എന്ന് 3-ാം വാർഷികത്തിൽ ഉറക്കെ പ്രസ്താവിക്കാനാവും.



## നവംബർ 29 Bank Day

കേരള ബാങ്ക് രൂപീകരണദിനമായ നവംബർ 29ന് എല്ലാവർഷവും Bank Day ആയി ആഘോഷിക്കുന്നു. ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ, ഉപഭോക്താക്കൾ എന്നിവരെ ഉൾപ്പെടുത്തി 3-ാം വാർഷികമായ നവംബർ 29ന് ആഘോഷ പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

NABARD
Published with assistance from NABARD under Co-operative Development Fund

### Mission 100 Days

# 100 ദിവസം 252.67 കോടിയുടെ നേട്ടം

കേരള ബാങ്കിന്റെ കടിശ്ശിക നിർമ്മാർജ്ജന യജ്ഞമായ മിഷൻ 100 Days വിജയകരമായി പൂർത്തിയാക്കി. 100 ദിവസം കൊണ്ട് 252.67 കോടിയുടെ നേട്ടമാണ് മിഷൻ 100 Days കർമ്മപദ്ധതിയിലൂടെ നേടാനായത്. 100% കരുതൽ ആവശ്യമായ നിഷ്ക്രിയ ആസ്തികളായ വായ്പകളെയാണ് ഈ പദ്ധതിയിലൂടെ തിരിച്ചുപിടിക്കാൻ ലക്ഷ്യമാക്കിയിരുന്നത്. ബാങ്കിന്റെ മുൻകാല സഞ്ചിതനഷ്ടം പൂർണ്ണമായും ഇല്ലാതാക്കുന്നതിന്റെ ഭാഗമായി 100 ദിവസംകൊണ്ട് 600 കോടി തിരിച്ചുപിടിക്കാനാണ് പദ്ധതി തയ്യാറാക്കിയത്.

എല്ലാ ജില്ലയിലും ജീവനക്കാരുടെ കഠിനപ്രയത്നത്തിലൂടെയും കൂട്ടായ യജ്ഞത്തിലൂടെയുമാണ് വർഷങ്ങളായി തിരിച്ചടവ് മുടങ്ങിയ 11526 വായ്പകളിലൂടെ 252.67 കോടി രൂപ തിരിച്ചുപിടിക്കാനായത്.

100 ദിവസം കൊണ്ട് ഏറ്റവും കൂടുതൽ തുക സമാഹരിച്ചത് കണ്ണൂർ ജില്ലയാണ്. (43.55കോടി) രണ്ടാം സ്ഥാനം 33 കോടി സമാഹരിച്ച തൃശ്ശൂർ ജില്ലക്കും മൂന്നാം സ്ഥാനം 31.77 കോടി സമാഹരിച്ച എറണാകുളം ജില്ലക്കുമാണ് ലഭിച്ചത്. ഏറ്റവും കൂടുതൽ അക്കൗണ്ട് ക്ലോസ് ചെയ്തത് പാലക്കാട് ജില്ലയാണ്. (1593 എണ്ണം) 1335 അക്കൗണ്ടുകൾ ക്ലോസ് ചെയ്ത കണ്ണൂർ ജില്ല രണ്ടാം സ്ഥാനവും 1163 അക്കൗണ്ടുകൾ ക്ലോസു ചെയ്ത തിരുവനന്തപുരം മൂന്നാം സ്ഥാനവും നേടി.

മുൻകാല സഞ്ചിതനഷ്ടം പരമാവധി ഇല്ലാതാക്കുന്നതോടെ നിലവിൽ നല്ല രീതിയിലുള്ള പ്രവർത്തനലാഭം കൈവരിക്കുന്ന കേരളബാങ്കിന് ആർ.ബി.ഐ നിഷ്കർഷിക്കുന്ന 7%ൽ താഴെ NPAയും 12% മൂലധന പര്യാപ്തത കൈവരിക്കാൻ കഴിയും. എല്ലാ നിബന്ധനകളും പാലിക്കപ്പെടുന്നതോടെ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും എൻ.ആർ.ഐ അക്കൗണ്ട് ഓപ്പണിംഗ് സൗകര്യങ്ങളും ഉൾപ്പെടെയുള്ള എല്ലാ ആധുനിക സേവനങ്ങളും നൽകാൻ കേരളബാങ്ക് പ്രാപ്തി നേടും.

നൂറുദിന കർമ്മപദ്ധതി വിജയകരമാക്കുന്നതിന്റെ ഭാഗമായി ഹെഡ് ഓഫീസ് കേന്ദ്രീകരിച്ച് 5 അംഗങ്ങൾ ഉൾപ്പെട്ട ഒരു മോണിറ്ററി സെല്ലും തിങ്കൾ, വെള്ളി ദിവസങ്ങളിൽ CPC, ROകൾ ഉൾപ്പെട്ട റിവ്യൂ മീറ്റിംഗുകളും സംഘടിപ്പിച്ചുവന്നിരുന്നു.

കൂടാതെ ജില്ലാതല മീറ്റിംഗുകൾ, ജീവനക്കാർക്ക് മികച്ച റിക്കവറി പ്രവർത്തനങ്ങൾക്കായുള്ള പരിശീലനങ്ങൾ എന്നിവയും നൽകി പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന്റെ ചുമതല എല്ലാ ജില്ലയിലും ഡപ്യൂട്ടി ജനറൽ മാനേജർ ഏറ്റെടുത്തതും പദ്ധതിയുടെ വിജയത്തിന് കാരണമായി.

റിക്കവറിയുടെ ഭാഗമായി 25 അംഗങ്ങൾ ഉൾപ്പെട്ട ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങളും പ്രശംസനീയമാണ്. സംഘങ്ങളുടെയും വ്യക്തികളുടെയും വളരെ പഴയ വായ്പകൾ പോലും തീർപ്പാക്കുന്നതിൽ നമ്മുടെ ജീവനക്കാർ വിജയിച്ചതാണ് പദ്ധതിയെ നേട്ടത്തിൽ എത്തിച്ചത്.

# കരുത്തായി ബി ദി നമ്പർ വൺ ക്യാമ്പയിൻ



കോവിഡ് പ്രതിസന്ധി മറികടക്കുവാനും സഹകരണമേഖലയുടെ കരുത്ത് തെളിയിക്കുവാനും കേരളബാങ്ക് ആരംഭിച്ച 'ബി ദി നമ്പർ വൺ' ക്യാമ്പയിൻ വിജയകരമായി പൂർത്തിയാക്കിയിരിക്കുകയാണ്. 01/12/2021 മുതൽ 31/03/2022 വരെ നടത്തിയ ക്യാമ്പയിൻ ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ മികച്ച പ്രവർത്തനത്തിന് അടിസ്ഥാനമായി. സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കായി കേരള ബാങ്കിനെ ഉയർത്തുക എന്ന ലക്ഷ്യത്തോടെ എല്ലാ ജീവനക്കാരുടെയും ഭരണസമിതി അംഗങ്ങളുടെയും പൂർണ്ണ പങ്കാളിത്തത്തോടെയാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്. ക്യാമ്പയിന്റെ ഭാഗമായി മികച്ച ക്രെഡിറ്റ് പ്രോസസിംഗ് സെന്ററിനുള്ള മിനിസ്റ്റേഴ്സ് ട്രോഫി കോഴിക്കോട് ജില്ല നേടി. സംസ്ഥാനത്തെ മികച്ച ശാഖകളായി കോഴിക്കോട് കൊയിലാണ്ടി ശാഖയും, വയനാട് കേണിച്ചിറ ശാഖയും തിരഞ്ഞെടുക്കപ്പെട്ടു.





### കേരള ബാങ്ക് എക്സലൻസ് അവാർഡ്

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെയും അർബൻ ബാങ്കുകളുടെയും പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും എല്ലാ വർഷവും എക്സലൻസ് അവാർഡ് നൽകി വരുന്നു. ഒരു ലക്ഷം രൂപയും ഫലകവും സർട്ടിഫിക്കറ്റുമാണ് സംസ്ഥാന തല വിജയികൾക്ക് ലഭിക്കുന്നത്. ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് 50000 രൂപയും ഫലകവും സർട്ടിഫിക്കറ്റുമാണ് നൽകുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം കണ്ണൂർ ജില്ലയിലെ കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് സംസ്ഥാന തലത്തിൽ മികച്ച സംഘത്തിനുള്ള അവാർഡ് നേടി. മികച്ച അർബൻ ബാങ്കിനുള്ള സംസ്ഥാനതല അവാർഡ് പാലക്കാട് ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിനാണ് ലഭിച്ചത്.

# അഖിലേന്ത്യാ സഹകരണ വാരാഘോഷം



69-)മത് അഖിലേന്ത്യ സഹകരണ വാരാഘോഷത്തിന് തുടക്കം കുറിച്ചു കൊണ്ടുള്ള ചടങ്ങ് പാലക്കാട് പിരായിരിയിൽ നവംബർ 14-ാം തീയതി മുഖ്യമന്ത്രി, ശ്രീ.പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സഹകരണ വകുപ്പ് മന്ത്രി ശ്രീ വി. എൻ. വാസവൻ അധ്യക്ഷനായി. കേരള ബാങ്ക് പ്രസിഡണ്ട്, ശ്രീ.ഗോപി കോട്ടമുറിക്കൽ ചടങ്ങിൽ സംബന്ധിച്ചു. 'നവകേരള നിർമിതിയിൽ സഹകരണ പ്രസ്ഥാനത്തിന്റെ പങ്ക്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടന്ന സെമിനാറിൽ മുൻ ധനമന്ത്രി, ശ്രീ.ടി.എം. തോമസ് ഐസക്ക് വിഷയം അവതരിപ്പിച്ചു. തുടർന്ന് നടത്തിയ വർണ്ണശബളമായ ഘോഷയാത്രയിൽ ആയിരക്കണക്കിന് സഹകാരികൾ പങ്കെടുത്തു.

അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ ഭാഗമായി കേരള ബാങ്ക് ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസ്, CPC കളിൽ സഹകരണ പതാക ഉയർത്തി പ്രതിജ്ഞ ചൊല്ലുകയുണ്ടായി.

# പൊതുയോഗം 2021-22




കേരള ബാങ്കിന്റെ 2021-22 സാമ്പത്തിക വർഷത്തെ പൊതുയോഗം സെപ്റ്റംബർ മാസം 28-ാം തീയതി കഴക്കൂട്ടം അൽസാജ് കൺവെൻഷൻ സെന്ററിൽ നടത്തപ്പെട്ടു.

ബാങ്കിന്റെ ബോർഡ് ഓഫ് മാനേജ്മെന്റിലേക്ക് അംഗങ്ങളുടെ അയോഗ്യത സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന ബൈലോഭേദഗതി, 2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട്, 2021-22 വർഷത്തെ ഓഡിറ്റർ റിപ്പോർട്ട്, അടുത്ത രണ്ട് സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് എന്നിവ 1500 ഓളം പ്രതിനിധികൾ പങ്കെടുത്ത പൊതുയോഗം ഐകകണ്ഠേന അംഗീകരിച്ചു. പൊതുയോഗത്തിൽ സഹകരണ വകുപ്പ് സെക്രട്ടറി, ശ്രീമതി.മിനി ആന്റണി ഐഎഎസ് മുഖ്യ പ്രഭാഷണം നടത്തി.

ബാങ്കിന്റെ വൈസ് പ്രസിഡന്റ്, ശ്രീ.എം.കെ. കണ്ണൻ സ്വാഗതം പറഞ്ഞു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇൻ ചാർജ്ജ്, ശ്രീ.കെ.സി. സഹദേവൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പ്രൊഫഷണൽ ഡയറക്ടർ, ശ്രീ.എസ്. ഹരിശങ്കർ, ബോർഡ് ഓഫ് മാനേജ്മെന്റ് ചെയർമാൻ, ശ്രീ.വി. രവീന്ദ്രൻ, ഭരണസമിതി അംഗങ്ങൾ, ബോർഡ് ഓഫ് മാനേജ്മെന്റ് അംഗങ്ങൾ, ചീഫ് ജനറൽ മാനേജർമാരായ, ശ്രീ.റോയ് എബ്രഹാം, ശ്രീ.എ.ആർ. രാജേഷ്, ജനറൽ മാനേജർമാർ എന്നിവർ സംബന്ധിച്ചു.

### ഓൺലൈൻ പൊതുയോഗം 2020-21

കേരള സംസ്ഥാന സഹകരണ ബാങ്ക് 13 ജില്ലാ സഹകരണ ബാങ്കുകളുമായി ലയിച്ച് കേരള ബാങ്ക് ആയതിന് ശേഷമുള്ള 2020 - 21 സാമ്പത്തിക വർഷത്തെ വാർഷിക പൊതുയോഗം 09.12.2021-ന് ഓൺലൈനായി ചേർന്നു. ബാങ്ക് ഹെഡ് ഓഫീസിൽ പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിക്കൽ അധ്യക്ഷനായ യോഗത്തിൽ 13 ജില്ലാ കേന്ദ്രങ്ങളിൽ അതാതു ജില്ലയിലെ അംഗ സംഘങ്ങളുടെ പ്രതിനിധികൾ പങ്കു ചേർന്നു.



### പ്രത്യേക ജനറൽ ബോഡി.

കേരള ബാങ്ക് രൂപീകരണത്തെ തുടർന്ന് തിരുവനന്തപുരം ഉദയ പാലസ് സെന്ററിൽ 2020 ജനവരി 20ന് ബാങ്കിന്റെ ഇടക്കാല ഭരണസമിതി ചെയർ പേഴ്സൺ ശ്രീമതി മിനി ആന്റണി IAS-ന്റെ അധ്യക്ഷതയിൽ പ്രത്യേക പൊതുയോഗം നടത്തി. ബാങ്കിന്റെ അജണ്ട, റിപ്പോർട്ട്, ബൈലോ ഭേദഗതി പുതിയ ലോഗോ 3 വർഷത്തെ ബിസിനസ് പ്ലാൻ എന്നിവ പ്രത്യേക ജനറൽ ബോഡി ഏകകണ്ഠമായി അംഗീകരിച്ചു.



### ഭരണ സമിതി

27-11-2020ന് ബാങ്കിന്റെ തിരഞ്ഞെടുത്ത ഭരണ സമിതി നിലവിൽ വന്നു. പ്രസിഡന്റായി ശ്രീ. ഗോപി കോട്ടമുറിക്കലിനെയും വൈസ് പ്രസിഡന്റായി ശ്രീ എം.കെ. കണ്ണനെയും തിരഞ്ഞെടുത്തു. നിലവിൽ 20 അംഗങ്ങളാണ് ഭരണ സമിതിയിൽ അംഗങ്ങളായിട്ടുള്ളത്.

### ബോർഡ് ഓഫ് മാനേജ്മെന്റ്

12 അംഗ ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ചെയർമാനായി ശ്രീ.വി. രവീന്ദ്രനെ തിരഞ്ഞെടുത്തു.

### ഇടക്കാല ഭരണ സമിതി

ശ്രീമതി മിനി ആന്റണി IAS ചെയർ പേഴ്സനായി മൂന്ന് അംഗങ്ങൾ അടങ്ങുന്ന ഇടക്കാല ഭരണ സമിതിക്കാണ് രൂപീകരണത്തെ തുടർന്ന് ബാങ്കിന്റെ നിയന്ത്രണാധികാരം ഉണ്ടായിരുന്നത്. 2019-20 വർഷത്തിൽ ബാങ്കിന്റെ ഭരണനിർവഹണത്തിനായി പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററും ഇടക്കാല ബോർഡും അടങ്ങുന്ന സമിതിയാണ് ഭരണ ചുമതല നടത്തിയിരുന്നത്.

# "അവർക്കിനി കിടപ്പാടം നഷ്ടമാവില്ല" സാന്ത്വന സ്പർശമായി കേരള ബാങ്ക്.







രോഗികളും നിരാലംബരും തിരിച്ചടവ് ശേഷി ഇല്ലാത്തവരുമായ വായ്പാ ഇടപാടുകാർക്ക് സാന്ത്വനമായി കേരള ബാങ്ക് ജീവനക്കാരും ഭരണസമിതിയും.

തിരിച്ചടവിന് ശേഷിയില്ലെന്ന് ബോധ്യപ്പെട്ട 40ൽ അധികം ഇടപാടുകാരുടെ വായ്പയാണ് 2021 ഡിസംബർ മുതൽ ഇതുവരെ കുടിശ്ശിക തീർത്ത് പ്രമാണം തിരികെ നൽകിയത്. കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'Be The Number One' ക്യാമ്പയിന്റെയും കുടിശ്ശിക നിവാരണ പ്രവർത്തനങ്ങളുടെയും ഭാഗമായിട്ടാണ് ഈ സാമൂഹ്യക്ഷേമ പ്രവർത്തനം നടപ്പാക്കിയത്.

എല്ലാ ജില്ലയിലും ശാഖാ മാനേജറുടെ നേതൃത്വത്തിൽ ജീവനക്കാർ ഒത്തൊരുമിച്ചാണ് പദ്ധതി വിജയമാക്കുന്നത്. പരമാവധി ഇളവുകൾ അനുവദിച്ച് ബാങ്ക് ഭരണസമിതിയും ജീവനക്കാരുടെ നല്ല മനസ്സിനെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പള വിഹിതവും, അഭ്യുദയകാംക്ഷികളായ മറ്റ് ഇടപാടുകാരുടെയും സമീപവാസികളുടെയും നല്ല മനസ്സുമാണ് പദ്ധതിയെ മുന്നോട്ട് നയിക്കുന്നത്.

മറ്റ് വാണിജ്യ ബാങ്കുകളിൽ നിന്ന് വ്യത്യസ്തമായി ബിസിനസിനോടൊപ്പം സാധാരണക്കാരന് സാന്ത്വനമാവുക എന്ന കർത്തവ്യബോധവും മറന്ന് കളയുന്നില്ല സഹകരണ മേഖലയുടെ കരുത്തായ കേരള ബാങ്ക്.

ഭീമമായ ചെലവുവരുന്ന മാരക രോഗങ്ങളുടെ ചികിത്സക്ക് സർക്കാർ ധനസഹായം നൽകുന്ന സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ വി-കെയർ പദ്ധതിയിലും, എറണാകുളം കോർപറേഷനുമായി സഹകരിച്ച് സൗജന്യമായി ഉച്ചയൂണ് നൽകുന്ന നിറവ് പദ്ധതിയിലും കേരളബാങ്ക് സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

## വായ്പാവിതരണത്തിൽ നേട്ടം

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അപെക്സ് ലെവൽ സഹകരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ തുടങ്ങിയ പ്രധാന ഉപഭോക്താക്കൾക്കുവേണ്ടി വിവിധ വായ്പാപദ്ധതികളാണ് ബാങ്ക് തയ്യാറാക്കിയിട്ടുള്ളത്.

വ്യക്തിഗത വായ്പാവൈവിധ്യവത്കരണത്തിന് ആത്മാർത്ഥമായ പരിശ്രമങ്ങളാണ് നടത്തിവരുന്നത്. വിവിധ വായ്പകളിലും അഡ്വാൻസുകളിലുമായി 2021-22 സാമ്പത്തിക വർഷം 2246.5 കോടി രൂപയാണ് വിതരണം ചെയ്തത്. 2022 സാമ്പത്തിക വർഷത്തെ അർദ്ധ വാർഷിക കണക്കു പ്രകാരം 18621.80 കോടി രൂപയാണ് വ്യക്തിഗത വായ്പാ ഇനത്തിൽ വിതരണം ചെയ്തത്. 436887 വായ്പകളിലൂടെയാണ് ഈ തുക നൽകിയത്.

### കാർഷിക മേഖലയുടെ പുരോഗതി

കേരളബാങ്ക് രൂപീകരണത്തിനുശേഷം പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങളിൽ അംഗങ്ങളായ കർഷകർക്ക് 3% പലിശ നിരക്കിൽ 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. കേരള ബാങ്ക് രൂപീകരണശേഷം 3 വർഷം കൊണ്ട് പുനർ വായ്പയിൽ 6140 കോടിയുടെ വർദ്ധനവാണുണ്ടായത്. 31-03-2019 ൽ നബാർഡിൽ നിന്നുള്ള ബോറോയിംഗ് 2842 കോടി ആയിരുന്നത് 31-03-2022ൽ 8982 കോടിയായി ഉയർന്നു. പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ അനുവദിക്കാനാണ് ഈ തുക വിനിയോഗിച്ചത്.

### സംരംഭങ്ങൾക്ക് കൈത്താങ്ങ്

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായി 2021-22 സാമ്പത്തിക വർഷം 1470.92 കോടി രൂപയാണ് വിതരണം ചെയ്തത്. കാർഷിക അനുബന്ധ സംരഭങ്ങൾ കൂടി ചേർത്താൽ 5199.54 കോടിയാണ് അനുവദിച്ചത്. 158732 സംരംഭങ്ങൾക്കാണ് ഇതിന്റെ ഗുണം ലഭിച്ചത്.

KERALA BANK
Kerala State Co-operative Bank

## നാൾ വഴികൾ

| വിശദാംശങ്ങൾ | വർഷം / തീയതി |
|---|---|
| തിരുവനന്തപുരം സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക് | 1915 നവംബർ 23 |
| പ്രവർത്തനം ആരംഭിച്ചത് | 1916 ജനവരി 18 |
| തിരുവിതാംകൂർ കേന്ദ്ര സഹകരണ ബാങ്ക് പുനർ നാമകരണം ചെയ്തു (ഫെഡറൽ സൊസൈറ്റിയായി മാറ്റി) | 1943 ആഗസ്റ്റ് 25 |
| ട്രാവൻകൂർ-കൊച്ചിൻ സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക് | 1954 ജനവരി 28 |
| കേരള സംസ്ഥാന സഹകരണ ബാങ്ക് | 1956 നവംബർ 1 |
| ഷെഡ്യൂൾഡ് പദവി ലഭിച്ചു | 1966 ജൂലായ് 5 |
| ബാങ്കിംഗ് റെഗുലേഷൻ ആക്ട് പ്രകാരം ലൈസൻസ് ലഭിച്ചു | 1972 ഏപ്രിൽ 6 |
| സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ സംയോജനം (കേരള ബാങ്ക് രൂപീകരണം) | 2019 നവംബർ 29 |
| സംയോജനത്തിനു ശേഷമുള്ള പ്രത്യേക പൊതുയോഗം | 2020 ജനവരി 20 |
| ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വന്നത് | 2020 നവംബർ 27 |

# ക്ഷീര കർഷകർക്ക് കേരള ബാങ്കിന്റെ ക്ഷീരമിത്ര വായ്പകൾ



കേരള ബാങ്ക് ക്ഷീരമിത്രവായ്പ ബ്രോഷർ ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ ബാങ്ക് ഡയറക്ടർ അഡ്വ.ജി. ലാലുവിന് നൽകി പ്രകാശനം ചെയ്യുന്നു. ഡയറക്ടർ ബോർഡ് അംഗങ്ങൾ ബാങ്ക് ചീഫ് ജനറൽ മാനേജർ കെ.സി സഹദേവൻ, ജനറൽ മാനേജർമാർ എന്നിവർ സമീപം.

കേരളത്തിലെ ക്ഷീരകർഷകരുടെ പുനരുദ്ധാരണവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്നതിന് കേരള ബാങ്കിൽ ക്ഷീരമിത്ര വായ്പകൾ വിതരണം ആരംഭിച്ചു. കേരള ബാങ്കിൽ അംഗത്വമുള്ള ക്ഷീര സഹകരണ സംഘങ്ങളിൽ അംഗങ്ങളായ ക്ഷീരകർഷകർ, ക്ഷീര സംരംഭകർ, സ്വയം സഹായ സംഘങ്ങൾ എന്നിവർക്ക് പരമാവധി 2 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. കേരള ബാങ്കിന്റെ ശാഖകൾ വഴിയാണ് വായ്പ അനുവദിക്കുന്നത്. നിലവിലുള്ള ക്ഷീര കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ സഹായം പരമാവധി ലഭിക്കുന്നതിനുള്ള ക്ഷീരമിത്ര KCC 4% പലിശ നിരക്കിൽ ഹ്രസ്വകാല വായ്പയായി അനുവദിക്കുന്നു. ക്ഷീര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള ക്ഷീരമിത്ര MT 9 ശതമാനം പലിശ നിരക്കിൽ മധ്യകാല വായ്പയായിട്ടാണ് അനുവദിക്കുന്നത്. ക്ഷീര കർഷകരുടെ മറ്റിതര കാർഷിക ആവശ്യങ്ങൾക്ക് ക്ഷീരമിത്ര വായ്പ ഉൾപ്പെടെ പരമാവധി 3 ലക്ഷം രൂപ വരെ സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നു. കേരള ബാങ്ക് ക്ഷീരമിത്ര വായ്പയുടെ ബ്രോഷർ ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ പ്രകാശനം ചെയ്തു. ബാങ്ക് ഡയറക്ടർ ബോർഡ് അംഗം അഡ്വ.ജി. ലാലു ബ്രോഷർ സ്വീകരിച്ചു. ഡയറക്ടർ ബോർഡ് അംഗങ്ങൾ, ബാങ്ക് ചീഫ് ജനറൽ മാനേജർ കെ.സി സഹദേവൻ, ബാങ്കിന്റെ ജനറൽ മാനേജർമാർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. ക്ഷീരമിത്ര വായ്പയുടെ പ്രയോജനം കർഷകരിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ബാങ്ക് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ജില്ലകൾ തോറും ക്ഷീര കർഷകർക്കായി ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു.

# വേൾഡ് കപ്പിനൊപ്പം കേരള ബാങ്കും




ലോകകപ്പ് ഫുട്ബോൾ ആവേശം ജീവനക്കാരിലേക്കും ഉപഭോക്താക്കളിലേക്കും എത്തിക്കുന്നതിന്റെ ഭാഗമായി കേരള ബാങ്ക് കേരളത്തിലുടനീളം പെനാൽറ്റി ഷൂട്ട് ഔട്ട് മത്സരം സംഘടിപ്പിക്കുന്നു. കേരള ബാങ്കിന്റെ ഹെഡ്ഓഫീസ്, റീജിയണൽ ഓഫീസ്, CBO, PMU, 13 ക്രെഡിറ്റ് പ്രോസസിംഗ് സെന്ററുകൾ, 14 ജില്ലകളിലായുള്ള 769 ശാഖകളിലെ ജീവനക്കാർ എന്നിവർക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. സ്ത്രീകൾക്കും, പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകമായിട്ടാണ് മത്സരം നടത്തുന്നത്. ഗോൾ കീപ്പർ ഉൾപ്പെടെ 5 പേരടങ്ങുന്നതാണ് ഒരു ടീം.

കേരള ബാങ്ക് റീജിയണൽ ഓഫീസിന്റെ നേതൃത്വത്തിൽ ജില്ലകൾതോറുമുള്ള ക്രെഡിറ്റ് പ്രോസസിംഗ് സെന്ററുകൾക്കാണ് മത്സരം നടത്തേണ്ട ചുമതല. ശാഖാ അടിസ്ഥാനത്തിലോ, ഒന്നോ അതിലധികമോ ശാഖകളിലെ ജീവനക്കാരെ ഉൾപ്പെടുത്തിയോ, ഏരിയയിലെ ജീവനക്കാരെ ഉൾപ്പെടുത്തിയോ ടീമുകളെ നിശ്ചയിക്കാവുന്നതാണ്.

റീജിയണൽ ഓഫീസിലെ ജീവനക്കാർക്ക് ആ റീജിയണിലെ ഒരു ജില്ലയുടെ ഭാഗമായി മത്സരത്തിൽ പങ്കെടുക്കാം. കോർപ്പറേറ്റ് ബിസിനസ്സ് ഓഫീസ്, പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് എന്നിവിടങ്ങളിലെ ജീവനക്കാർ എറണാകുളം ജില്ലയിലാണ് മത്സരിക്കേണ്ടത്. ഹെഡ്ഓഫീസ് ജീവനക്കാർക്ക് പ്രത്യേകം മത്സരമാണ് നടത്തുന്നത്. ഓരോ ജില്ലയിലെയും ഹെഡ്ഓഫീസിലെയും വിജയികൾ ഉൾപ്പെട്ട 14 ടീമാണ് രണ്ടാം റൗണ്ട് മത്സരത്തിൽ പങ്കെടുക്കുന്നത്. ഖത്തർ വേൾഡ് കപ്പിൽ പങ്കെടുക്കുന്ന വിവിധ രാജ്യങ്ങളുടെ പേരിൽ അവരുടെ മാതൃകയിലുള്ള ജേഴ്സിയിലായിരിക്കും ടീമുകൾ മത്സരിക്കുന്നത്. തീം സോങ്, പ്രശ്നോത്തരി തുടങ്ങിയ പരിപാടികളും ഇതോടനുബന്ധിച്ച് നടത്തുന്നതാണ്.

## PACS as MSC

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായുള്ള (PACS as MSC) സ്പെഷ്യൽ റീഫിനാൻസ് വായ്പ (SRF) പദ്ധതി പ്രകാരം ഇതുവരെ 66 സംഘങ്ങൾക്കായി 4% പലിശ നിരക്കിൽ 160 കോടി രൂപയോളം ഇതുവരെ അനുവദിച്ചിട്ടുണ്ട്.

അർഹതയുള്ള മേഖലയ്ക്ക് അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ (AIF) നിന്നുള്ള 3% പലിശ ഇളവും ലഭിക്കുന്നു. ഇതിൽ 42 സംഘങ്ങൾക്കായി അനുവദിച്ച 63.05 കോടി രൂപ കേന്ദ്ര സർക്കാർ കർഷക ക്ഷേമത്തിനായി ആവിഷ്കരിച്ച അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നുള്ള 3% പലിശ സബ്‌വെൻഷന് അർഹതപ്പെട്ടതാണ്.

## 100 ദിന തൊഴിൽദാന പദ്ധതി

കോവിഡ് പ്രതിസന്ധിയിൽ സാധാരണക്കാരനും കർഷകർക്കും തൊഴിലും വരുമാനവും ഉറപ്പാക്കാനായി 2020 സെപ്റ്റംബറിൽ കേരള സർക്കാർ ആവിഷ്കരിച്ച നൂറുദിന തൊഴിൽദാന പദ്ധതിയുടെ 3 ഘട്ടങ്ങളിലായി 32088 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 842.54 കോടി രൂപയാണ് കേരള ബാങ്ക് വഴി അനുവദിച്ചത്. കേരള സർക്കാർ നിർദ്ദേശിച്ച തിനേക്കാൾ 12,942 തൊഴിൽ അവസരങ്ങളാണ് കേരള ബാങ്ക് അധികമായി നൽകിയത്.

## കോവിഡ് കാലത്ത് കൈത്താങ്ങായി കേരള ബാങ്ക് വായ്പകൾ

കോവിഡ് കാലത്ത് കൈത്താങ്ങായി കേരള ബാങ്ക്. നബാർഡ് സഹായത്തോടെ കൃഷിക്കും കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന എസ്.എൽ.എഫ്. വായ്പ അനുവദിച്ചു. സാധാരണ സ്വർണ്ണ പണയ വായ്പ, പ്രവാസികൾക്കുള്ള സ്വർണ്ണ പണയ വായ്പ, ഭവന വായ്പ, മോർട്ട്ഗേജ് വായ്പ, മൈക്രോഫിനാൻസ് വായ്പ എന്നിവ ഉൾപ്പെടെ 8862.31 കോടി രൂപയാണ് കോവിഡ് കാലത്ത് വിതരണം ചെയ്തത്. മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതിയിലൂടെ കേരള ബാങ്കിൽ നിന്നും കുടുംബശ്രീ മുഖേന നൽകിയ വായ്പകൾ ഒട്ടേറെ കുടുംബങ്ങൾക്ക് സഹായകമായി.

## സംഘങ്ങൾക്ക് പുനരുദ്ധാരണ പാക്കേജ്

പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തന പുരോഗതിക്കും ദുർബല സംഘങ്ങളുടെ പുനരുദ്ധാരണവും ലക്ഷ്യമാക്കി പ്രത്യേക പുനരുദ്ധാരണ പദ്ധതിക്ക് കേരള ബാങ്ക് രൂപം നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് ഭരണ സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ ജില്ലകൾ തോറും പാക്സ് അഡ്വൈസറി കമ്മറ്റിയും പ്രവർത്തിക്കുന്നു.

## മൂലധന പര്യാപ്തത (CRAR)

കേരള ബാങ്ക് രൂപീകരണത്തിനു ശേഷം കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ **CRAR** 6.26ൽ നിന്ന് ഘട്ടംഘട്ടമായി 10.24 (31.03.2022) ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

മൂലധനമായി സർക്കാരിൽനിന്നും 2020-21ൽ ലഭിച്ച 400 കോടിയും, **PACS**ൽ നിന്നും **Long Term Deposit** ആയി **(LTD)** 202021ൽ 7% പലിശ നിരക്കിൽ 270 കോടിയും 2021-22 ൽ 7.5% പലിശനിരക്കിൽ 300 കോടിയും സ്വീകരിച്ചതും, **investment portfolio** യിലെയും, വായ്പാ വിതരണത്തിലെയും സമൂല മാറ്റത്തിലൂടെ റിസ്ക്ക് വെയിറ്റേജിൽ കുറവ് വരുത്തിയും, മികച്ച റിക്കവറി പ്രവർത്തനം വഴി കരുതൽ കുറച്ച്, ലാഭത്തിൽ മുതൽ കൂട്ടിയും ഘട്ടംഘട്ടമായിട്ടാണ് മൂലധന പര്യാപ്തതയിൽ ബാങ്ക് നേട്ടം കൈവരിച്ചത്.

KERALA BANK
Kerala State Co-operative Bank

## ദേശീയതലത്തിൽ അവാർഡ്

സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രവർത്തന മികവിന് കേരള ബാങ്കിന് ദേശീയതലത്തിൽ അവാർഡ് ലഭിച്ചു. സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച വച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് **(NAFSCOB)** ഏർപ്പെടുത്തിയ അവാർഡിൽ ദേശീയതലത്തിൽ പ്രഥമ സ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്.

## കർഷക അവാർഡ്

കാർഷിക കേരളത്തിന്റെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന കേരള ബാങ്ക് കർഷക അവാർഡ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക കാഷിക സഹകരണ സംഘങ്ങളിലെ അർഹരായ കർഷകർക്കാണ് അവാർഡ്. മികച്ച ക്ഷീര കർഷകൻ, നെൽ കർഷകൻ, തോട്ടവിള, പച്ചക്കറി, സമ്മിശ്ര കൃഷി, മത്സ്യകൃഷി, ഇങ്ങനെ 6 വിഭാഗങ്ങളിലായിട്ടാണ് അവാർഡ് നിർണ്ണയിക്കുന്നത്.

## ട്രെയിനിംഗ്

കോവിഡ് കാലത്ത്, വിവിധ വിഷയങ്ങളിൽ ജൂൺ-ജൂലൈ മാസങ്ങളിൽ 17 അവധി ദിവസങ്ങളിലായി 188 ബാച്ച് ഓൺലൈൻ ട്രെയിനിംഗ് പൂർത്തിയാക്കി.

3769 ജീവനക്കാർക്ക് ട്രെയിനിംഗ് നൽകി.

2022-23 സാമ്പത്തിക വർഷം നാളിതുവരെ, കേരള ബാങ്ക് മാനേജർമാർ അസിസ്റ്റന്റ് മാനേജർമാർ മറ്റു ജീവനക്കാർ എന്നിവർക്ക് ബാങ്കിലെ വായ്പാ പ്രൊഡക്റ്റുകൾ, ടി.ഡി.എസ്., റിക്കവറി മാനേജ്മെന്റ് പോളിസി എന്നിവയെക്കുറിച്ച് വിവിധ ജില്ലകളിലേക്ക് 29 ബാച്ചുകളിലായി മൊത്തം 1286 ജീവനക്കാർക്ക് പരിശീലനം നൽകി.

## ഐ.ടി. ഇന്റഗ്രേഷൻ പുരോഗതി

സംസ്ഥാനത്തെ സഹകരണ ബാങ്കിന്റെയും 13 ജില്ലാ സഹകരണ ബാങ്കുകളുടെയും കോർ ബാങ്കിംഗ് നടപടികൾ ഏകീകരിച്ച് എല്ലാ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും ലഭ്യമാക്കുന്നതിനായി പ്രമുഖ സിസ്റ്റം ഇന്റഗ്രേറ്റിംഗ് സേവനദാതാക്കളായ വിപ്രോയുമായി കരാറിൽ ഏർപ്പെട്ടു കഴിഞ്ഞു. ഇൻഫോസിസിന്റെ ബാങ്കിംഗ് സോഫ്റ്റ് വെയറായ 'ഫിനക്കിളിന്റെ' ഏറ്റവും ആധുനിക വേർഷൻ ഉപയോഗിക്കുന്ന സഹകരണ മേഖലയിലെ ആദ്യ ബാങ്കാണ് കേരള ബാങ്ക്.

കേരള ബാങ്കിന്റെ എല്ലാ ശാഖകൾക്കും **RBI License** ഉം പുതിയ **IFSC Code**ഉം ലഭിച്ചു കഴിഞ്ഞു.

## 3375.54 കോടി സമാഹരിച്ചു

നിക്ഷേപ സമാഹരണ കാലയളവിൽ കേരള ബാങ്കിന് 3375.54 കോടി രൂപ ലഭിച്ചു. 1025 കോടി രൂപയായിരുന്നു ലക്ഷ്യം. ലഭിച്ചത് 329 ശതമാനം അധികം.

സഹകരണ സ്ഥാപനങ്ങൾ നിക്ഷേപ സമാഹരണ യജ്ഞത്തിൽ സമാഹരിച്ചത് 7253.65 കോടി രൂപ. 6000 കോടി രൂപയാണ് ലക്ഷ്യമിട്ടത്. 1253 കോടി രൂപയുടെ അധിക നിക്ഷേപം ഉറപ്പാക്കി. കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രയാസങ്ങൾക്കിടയിലാണ് ഈ നേട്ടം.

## കാൾ സെന്റർ

കേരള ബാങ്കിന്റെ ശാഖകളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള ഇടപാടുകാരെ ഫോണിലൂടെ ബന്ധപ്പെടുന്ന തിനും കുടിശ്ശികയെ കുറിച്ചുള്ള അറിയിപ്പുകൾ നൽകുന്നതിനുമായി ബാങ്ക് ഹെഡ് ഓഫീസ് കേന്ദ്രീകരിച്ച് കാൾ സെന്റർ **( Call Centre)** പ്രവർത്തനം ആരംഭിച്ചു. സെന്ററിന്റെ ഉദ്ഘാടനം ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ നിർവ്വഹിച്ചു.

## വിദ്യാനിധി നിക്ഷേപ പദ്ധതി

കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ ബാങ്കിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കേരള ബാങ്ക് ആവിഷ്കരിച്ച പ്രത്യേക നിക്ഷേപ പദ്ധതിയാണ് വിദ്യാനിധി. 12 മുതൽ 16 വയസ്സുവരെയുള്ള കുട്ടികൾക്ക് സ്വന്തം പേരിൽ വിദ്യാനിധി അക്കൗണ്ട് ആരംഭിക്കാം. വിദ്യാനിധി അക്കൗണ്ടി നോടൊപ്പം രക്ഷിതാക്കൾക്ക് പ്രിവിലേജ് അക്കൗണ്ട് സൗകര്യവും ലഭിക്കുന്നു.










## കേരള ബാങ്ക് പ്രചോദന ഗീതം

മുന്നിൽ നടക്കുന്ന നാട്
എനിക്കിഷ്ടമാണെന്നുമെൻ നാട്...
ഒരുമയ്ക്ക് പെരുമയായ്
കൈകോർത്ത് നിൽക്കുന്ന
കേരളമാണെന്റെ നാട്...(2)

നാട്ടുണരുന്നു.. നാട്ടുയരുന്നു..(2)
ഈ നാടിൻ സ്വപ്നം സിരകളിലോട്ടും
കേരള ബാങ്കുയരുന്നു.(2)
കേരള ബാങ്കുയരുന്നു (2)

മണ്ണിന്റെ ഗന്ധം...
നാട്ടുപച്ച നിറഞ്ഞൊഴുകുന്ന
മലയാളത്തിൻ മനസ്സ്..
നാടിനായ്..നന്മയായ്....
കാവലായ്... കരുതലായ്..
നവകേരളത്തിന്റെ ബാങ്ക്...

ദുരിത പർവ്വങ്ങളിൽ
സാന്ത്വന സ്പർശമായ്
നെഞ്ചോട് ചേർക്കുന്ന ബാങ്ക്
അതിജീവനത്തിന്റെ ബാങ്ക്...

കരുത്താണ് കേരള ബാങ്ക്...
കരളുറപ്പാണ് കേരള ബാങ്ക്....(2)


ഒരുമിച്ചുയരാൻ ഒന്നായ് വളരാൻ
സഹയാത്രികരാവാം
നമുക്ക് സഹയാത്രികരാവാം
നേരിൻ രഥ്യയിൽ
കർമ്മോത്സുകരായ്
മുന്നേറുക നാം ..(2)
എന്നും മുന്നേറുക നാം...

കരുത്താണ് കേരള ബാങ്ക്...
കരളുറപ്പാണ് കേരള ബാങ്ക്....(2)



# Transforming Villages. Ensuring Prosperity.






NABARD

**Development Bank of the Nation**

www.nabard.org /nabardonline

Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.PO, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905